**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **20-06-2024 - ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല. |
| (ബി) | പ്രതികൂല കാലാവസ്ഥ മൂലം റബ്ബർ കൃഷിയിൽ ഇടിവ് നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | റബ്ബർ ബോർഡിന്റെ കണക്കു പ്രകാരം റബ്ബറിന്റെ വിള വിസ്തൃതി കാര്യമായി കുറയുന്നില്ല. ടി കണക്കു പ്രകാരം 2019-20 ൽ 551030 ഹെക്ടറിലും 2020-21 ൽ 550650 ഹെക്ടറിലും 2021-22 ൽ 550000 ഹെക്ടറിലും 2022-23 ൽ 549780 ഹെക്ടറിലും റബർ കൃഷി ഉണ്ട്. |
| (സി) | ഈ പ്രത്യേക സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 2024-25 വർഷ ബജറ്റിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ (ആർ.പി.ഐ.എസ്) റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ തുക 250/- രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടു കൊണ്ട് പല തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും കേന്ദ്ര മന്ത്രിയെ നേരിൽ കണ്ടു കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) | റബ്ബർ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (ഡി) | റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 2023-24 -ൽ 180 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 2024 മാർച്ച് 31 വരെ 2054 കോടി രൂപ ആകെ ഈ ഇനത്തിൽ കർഷകർക്കായി നൽകിയിട്ടുണ്ട്. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റു നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റേയും റബ്ബർ അനുബന്ധ ഉല്പന്നങ്ങളുടേയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ |

| | | | |
|---|---|---|---|
| | | | പോളിസിയിലൂടെ സാധ്യമാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കി സിയാൽ മോഡലിൽ ഒരു കമ്പനി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കോട്ടയം ജില്ലയിലെ വെള്ളൂർ കേന്ദ്രമായി ആരംഭിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ്, കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ